## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3134 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യരഹിത കേരളം** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| മാലിന്യരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ? | സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യ മുക്തമാക്കുന്നതിനായി 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29.03.2017-ലെ സ.ഉ(എം.എസ്)നം.72/2017/തസ്വഭവ മുഖേനയും നഗരസഭകളിൽ 03.04.2017-ലെ സ.ഉ(എം.എസ്) നം.79/2017/തസ്വഭവ ഉത്തരവ് മുഖേനയും അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ(സാധാ) നം.2420/2017/തസ്വഭവ തീയതി.15.07.2017 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.<br>(1) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാൻറ്), രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുകയും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.<br>(2) സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.<br>(3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻറ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.<br>(4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാൻറുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.<br>(5) വീടുകളിൽ നിന്നും സ്ഥാപങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.<br>(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ |

| | |
|---|---|
| | ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.<br>(7) മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, ഹരിത കർമസേന തുങ്ങിയവയെ അംഗീകരിച്ച് ചുമതലപ്പെടുത്തുക. സാമ്പത്തികമായി പ്രായോഗിക ക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.<br>(8) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.<br>(9) സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക.<br>(10) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.<br>(11) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.<br>(12) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക. |

സെക്ഷൻ ഓഫീസർ